**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - നീലേശ്വരം നഗരസഭാ ഓഫീസിൽ നിന്നും 31.03.2011 ന് വിരമിച്ച പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർ ശ്രീരവീന്ദ്രൻ.വി.വി യുടെ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം. 1122/ 2019/ തസ്വഭവ തീയതി, തിരുവനന്തപുരം, 01/ 06/ 2019.**

പരാമർശം: 1) ശ്രീ.രവീന്ദ്രൻ. വി.വി സമർപ്പിച്ചിരുന്ന അവധി അപേക്ഷകൾ

2) പഞ്ചായത്ത് ഡയറക്ടറുടെ 31.10.2018 ലെ ഇ 9-17912/ 2017 നമ്പർ കത്ത്.

**ഉത്തരവ്**

നീലേശ്വരം നഗരസഭാ ഓഫീസിൽ നിന്നും 31.03.2011 ന് സേവനത്തിൽ നിന്ന് വിരമിച്ച പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം സ്വീപ്പർ ശ്രീരവീന്ദ്രൻ.വി.വി യുടെ 14.06.2007 മുതൽ 30.10.2008 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമവൽകരിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (1) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ. രവീന്ദ്രൻ 28.09.2016 ന് മരണപ്പെട്ടിട്ടുള്ളതും ടി കാലയളവ് വരെ ടിയാന് പ്രൊവിഷണൽ പെൻഷനും കുടിശ്ശികയും അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രൊവിഷണൽ പെൻഷണറുടെ വിധവയ്ക്ക് ഫാമിലി പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകണമെങ്കിൽ 14.06.2007 മുതൽ 30.10.2008 വരെയുള്ള അനധികൃത ഹാജരില്ലായ്മ ക്രമവല്ക്കരിക്കേണ്ടതാണെന്ന് അക്കൗണ്ടന്റ് ജനറൽ അറിയിച്ചതായും ആയതിനാൽ ശ്രീ വി.വി.രവീന്ദ്രന് 14.06.2007 മുതൽ 10.09.2007 വരെ ഉദുമ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരുന്ന ശൂന്യവേതനാവധി റദ്ദ് ചെയ്ത് ആയത് സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും 30.10.2008 ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ബലത്തിൽ ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും ടി സാഹചര്യത്തിൽ 14.06.2007 മുതൽ 30.10.2008 വരെയുള്ള ടിയാന്റെ അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമവൽകരിക്കുന്നതിനുള്ള അവധി അപേക്ഷയും അനുബന്ധ രേഖകളും അനുകൂല ശുപാർശയോടെ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ ഫുൾടൈം സ്വീപ്പറായി വിരമിച്ച ശ്രീ.വി.വി.രവീന്ദ്രന്റെ അനധികൃത ഹാജരില്ലായ്മ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുവാൻ കഴിയുകയില്ല. അനധികൃത ഹാജരില്ലായ്മക്ക് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ സാഹചര്യത്തിലും 28/09/2016 ൽ ടിയാൻ മരണമടഞ്ഞ സാഹചര്യം കണക്കിലെടുത്തും ശ്രീ.വി.വി.രവീന്ദ്രൻ സർവ്വീസിൽ നിന്നും വിട്ടു നിന്ന 14/06/2007 മുതൽ

30/10/2008 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാത്ത ശൂന്യവേതന അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, നീലേശ്വരം നഗരസഭ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ ഐ.കെ.എം ( തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഓഫീസ് പകർപ്പ് (ഇപിഎ 2/209/2018/തസ്വഭവ)/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ